www.malankaralibrary.com

ഒമ്പത്

# കാലം നമസ്ക്കരിക്കുന്ന കർമ്മയോഗി

ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ

**1871** ജനുവരി മൂന്നിനു ദിവംഗതനാകുമ്പോൾ ചാവറ കുര്യാക്കോസ് ഏലിയാസച്ചന് എത്ര വയസ്സായിരുന്നു? അറുപത്താറു വയസ്സെന്നു നമ്മൾ പറയും. പക്ഷേ അത്രയും വർഷം താൻ ജീവിച്ചിരുന്നതായി ചാവറയച്ചൻ സമ്മതിക്കില്ല. കാരണം അയൽക്കാരനു യാതൊരു നന്മയും ചെയ്യാത്ത ദിവസം നിത്യതയുടെ പുസ്തകത്തിൽ പരിഗണിക്കപ്പെടുകയില്ലെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തയാളാണു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. അങ്ങനെ നോക്കുമ്പോൾ, ചാവറയച്ചനോളം കാലം ഈ ലോകത്തു ജീവിച്ചിരുന്നവർ എത്ര പേരുണ്ട്? വളരെ ചുരുക്കം.

അയൽക്കാരനു തിന്മ ചെയ്ത ദിവസങ്ങൾ വെട്ടിക്കുറയ്ക്കുകകൂടി ചെയ്താൽ നിത്യതയുടെ പുസ്തകത്തിൽ നമ്മിൽ മിക്കവരുടെയും പേര് ഉണ്ടാകുകയേയില്ല. ചാവറയച്ചന്റെ ജീവിതത്തിൽ നിന്നാകട്ടെ അങ്ങനെ ഒരു ദിവസംപോലും വെട്ടിക്കുറക്കാനുണ്ടാകില്ല.

പത്താം വയസ്സിൽ, സെമിനാരി പഠനത്തിനു പ്രാരംഭമായി ഇടവക വികാരിയിൽനിന്നുള്ള പരിശീലനം ആരംഭിക്കുകയും പതിനൊന്നാം വയസ്സിൽ സെമിനാരിയിൽ പ്രവേശിക്കുകയും ചെയ്ത ഒരാൾ വൃദ്ധനായി മരിക്കുംവരെ ബാല്യത്തിന്റെ നൈർമല്യത്തോടെ ജീവിക്കുന്നതു സങ്കല്പിക്കുക.

ലോകവ്യാപാരങ്ങളിലൊന്നും ഇടപെടാതെ, ജീവിതത്തിൽ നിന്നൊഴിഞ്ഞുമാറി കഴിയുന്ന *മന്ദനായ* ഒരാളെയാവും മിക്കവരും സങ്കല്പിക്കുന്നത്. എന്നാൽ രൂപഭാവങ്ങളിലും ബുദ്ധിശക്തിയിലും അത്യന്തം *സ്മാർട്ട്* ആയ ഒരാൾ. കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന ഒരാൾ ആ സങ്കല്പത്തിന്റെ കേന്ദ്രബിന്ദുവാകുന്നുവെങ്കിലോ?

സങ്കല്പിക്കാൻ വളരെ വിഷമം അല്ലേ?

www.malankaralibrary.com


*മാമ്മോദീസയിൽ കിട്ടിയ ദൈവവരപ്രസാദം ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ല എന്നു പറയുന്നതിനു ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്* എന്നു മരണക്കിടക്കയിൽ വച്ചാണു ചാവറയച്ചൻ പറഞ്ഞത്. ഈ മരണമൊഴി അവിശ്വസിക്കാൻ പിശാചിന്റെ അഡ്വക്കേറ്റിനുപോലും കഴിയുമെന്നു തോന്നുന്നില്ല.

ക്രൈസ്തവ വിശ്വാസമനുസരിച്ച്, ഒരാൾ മനസുകൊണ്ടുപോലും പാപം ചെയ്യാമെന്നതിനാൽ ഏതു നിമിഷവും പാപത്തിൽ വീഴാം. ദീർഘമായ ജീവിതകാലം മുഴുവൻ ശൈശവ നൈർമല്യത്തോടെ ജീവിക്കുകയെന്നതു ദൈവീക മനുഷ്യർക്കുമാത്രം സാധിക്കുന്ന കാര്യമാണ്.

ജീവിതകാലത്തുതന്നെ വിശുദ്ധയായി വിഖ്യാതയായിരുന്നുവെന്നതു മദർതെരേസയുടെ പ്രത്യേകതയായി ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. അതേപോലെയോ അതിലേറെയോ ചാവറയച്ചനെ അടുത്തറിയാമായിരുന്നവരെല്ലാം അദ്ദേഹത്തെ ജീവിച്ചിരിക്കുമ്പോൾതന്നെ വിശുദ്ധനായി കണ്ടിരുന്നുവെന്നതാണു വാസ്തവം.

ഏറ്റവുമടുത്തറിഞ്ഞ ആത്മീയപിതാവും ആത്മമിത്രവുമായ ലെയോപോൾദ് എന്ന വിദേശമിഷനറിക്കായിരുന്നു അദ്ദേഹത്തിന്റെ വിശുദ്ധിയുടെ കാര്യത്തിൽ ഏറ്റവുമധികം ബോധ്യം. ചാവറയച്ചന്റെ ജീവിതകാലത്തുതന്നെ പല വർഷങ്ങളിലായി മിഷനറി എഴുതിയ ഡയറിക്കുറിപ്പുകളിൽനിന്ന് ഇതു വ്യക്തമാണ്.

ചാവറയച്ചന് അന്ത്യകൂദാശ നൽകാൻ നിയോഗിക്കപ്പെട്ട മിഷനറി പൊട്ടിക്കരഞ്ഞുകൊണ്ട് അതിൽനിന്നു പിന്മാറിയത് ആത്മസുഹൃത്തിന്റെ മരണം സമാഗതമായതിനെക്കുറിച്ചുള്ള ദുഃഖം കൊണ്ടുമാത്രമായിരിക്കില്ല; ഒരു വിശുദ്ധന് അന്ത്യകൂദാശ നൽകുവാൻ താൻ യോഗ്യനല്ല എന്ന എളിമകൊണ്ടുകൂടിയാവാം.

ചാവറയച്ചന്റെ മരണാനന്തരം അദ്ദേഹത്തിന്റെ ഉടുപ്പ്, വിരികൾ തുടങ്ങിയ വസ്തുക്കൾ ലെയോപോൾദ് മിഷനറി ആശ്രമങ്ങൾക്കും മഠങ്ങൾക്കും തിരുശേഷിപ്പുകൾ എന്ന വിധത്തിൽ അയച്ചുകൊടുത്തതും അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതിവച്ചതും എന്നെങ്കിലുമൊരിക്കൽ അദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുമെന്നു വിശ്വാസമുണ്ടായിരുന്നതുകൊണ്ടാവണം.

ചാവറയച്ചനെ വികാരി ജനറാളായി നിയമിച്ച ബെർണർദിനോസ് മെത്രാൻ, 1863-ൽ കമ്മീഷണർ അപ്പസ്തോലിക്ക ആയി വന്ന സാബാ മെത്രാപ്പോലീത്ത, ലെയോപോൾദ് മിഷനറിയുടെ സഹോദരൻ ജെരാർദ് മിഷനറി എന്നിവരൊക്കെ ചാവറയച്ചന്റെ വ്യക്തിമാഹാത്മ്യത്തിനു മുന്നിൽ നമിച്ച വിദേശികളാണ്.

www.malankaralibrary.com


ബെർണർദിനോസ് മെത്രാൻ ഒരിക്കൽ കൂനമ്മാവ് ആശ്രമത്തിൽ ചാവറയച്ചന്റെ മുറിയിലെത്തി. അവിടെ ആകെ ഒരു കസേരമാത്രമേ ഇരിപ്പിടമായി ഉണ്ടായിരുന്നുള്ളൂ. ചാവറയച്ചൻ നീക്കിയിട്ടുകൊടുത്ത ആ കസേരയിൽ അദ്ദേഹത്തെത്തന്നെ ഇരുത്തിക്കൊണ്ടു മെത്രാനച്ചൻ ആ മുറിയിലെ ഒരു പെട്ടിയുടെ പുറത്ത് ഇരുന്നാണു സംസാരിച്ചത്. സ്ഥാനംകൊണ്ടും പ്രായംകൊണ്ടും തന്നേക്കാൾ താഴ്ന്ന ആ കേരളീയ വൈദികനോട് അത്രയേറെ ആദരവായിരുന്നു യൂറോപ്യൻ മെത്രാന്. ബെർണർദിനോസ് മെത്രാൻ മരണാസന്നനായി കിടക്കുമ്പോൾ ഡോക്ടർ അദ്ദേഹത്തെ കാണാൻ വന്നു. *വയ്യ, ഇപ്പോൾ ആരെയും കാണാൻ വയ്യ* എന്നായിരുന്നു മെത്രനാച്ചന്റെ പ്രതികരണം. എന്നാൽ അല്പം കഴിഞ്ഞപ്പോൾ ചാവറയച്ചൻ സന്ദർശനത്തിനു വന്നു. ഉടൻതന്നെ മെത്രാനച്ചൻ വികാരി ജനറാളിനെ അകത്തേക്കു സ്വാഗതം ചെയ്യുകയാണു ചെയ്തത്. ഒരു ഡോക്ടർക്കു നൽകാൻ കഴിയാത്ത സാന്ത്വനം ഒരു പുണ്യചരിതന്റെ സാന്നിധ്യത്തിനു നൽകാൻ സാധിക്കുമെന്നു മെത്രാനച്ചൻ കരുതിയിരിക്കണം.

ജെരാർദ് മിഷനറി ഒരിക്കൽ ചാവറയച്ചന് രോഗശയ്യയിൽ വിശുദ്ധ കുർബാന കൊടുക്കാൻ കടന്നുചെന്നപ്പോൾ രോഗിയുടെ മുഖത്തു കണ്ട ശോഭ മിഷനറിയെ വിസ്മയാധീനനാക്കിയെന്ന് അന്നത്തെ ഒരു നവവൈദികൻ രേഖപ്പെടുത്തിയിട്ടുണ്ട്.

മുട്ടത്തുപാടത്തു വർക്കിച്ചൻ എന്നൊരു വൈദികൻ ഒരിക്കൽ ചാവറയച്ചനെ സന്ദർശിക്കാൻ എത്തി. അപ്പോൾ ക്ഷുരകൻ ചാവറയച്ചന്റെ മുടി വെട്ടിയതേ ഉണ്ടായിരുന്നുള്ളൂ. ചാവറയച്ചൻ കുളിക്കാൻ പോയിരുന്ന ആ നേരം വർക്കിയച്ചൻ നിലത്തുകിടന്നിരുന്ന തലമുടി ശകലങ്ങൾ ശേഖരിച്ചുവച്ചു. (ആ മുടി ഇപ്പോഴും തിരുശേഷിപ്പായി സൂക്ഷിക്കപ്പെടുന്നുണ്ട്.)

ജീവിച്ചിരിക്കുമ്പോൾ തന്നെ ചാവറയച്ചനിൽ വിവിധതരക്കാരായ ആളുകൾ വിശുദ്ധിയുടെ വെളിച്ചം കണ്ടുവെന്നതിനു ചില ഉദാഹരണങ്ങൾ മാത്രമാണിവ.

ചാവറയച്ചനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള ശ്രമങ്ങൾ അദ്ദേഹത്തിന്റെ മരണത്തിനുശേഷം ലെയോപോൾദ് മിഷനറി തുടങ്ങിയിരുന്നു. എന്നാൽ 1876-ൽ മിഷനറി ഇറ്റലിയിലേക്കു സ്ഥലം മാറ്റപ്പെട്ടതിനാൽ അക്കാര്യങ്ങൾ മുടങ്ങി.[1] ഏതാണ്ട് അമ്പതു വർഷം കഴിഞ്ഞാണ് നാമകരണ നടപടികൾ ഔദ്യോഗികമായി ആരംഭിച്ചത്.

വിശുദ്ധിയുടെ പ്രഭാവലയവുമായി ആശ്രമത്തിനുള്ളിൽ ഒതുങ്ങിക്കഴിയുകയായിരുന്നില്ല ചാവറയച്ചൻ. പല പുരുഷായുസ്സുകൾ കൊണ്ടു മാത്രം ചെയ്യാനാവുന്ന കാര്യങ്ങളാണ് ആ കർമയോഗി ചെയ്തുതീർത്തത്. അദ്ദേഹം ചെയ്ത കാര്യങ്ങളുടെ പട്ടിക തയാറാക്കിയാൽ ഒരു കെട്ടുകഥപോലെ അതിനെ തള്ളിക്കളയാനാവും നമ്മുടെ യുക്തി വ്യഗ്രതപ്പെടുക.

www.malankaralibrary.com


അതുവരെ കേട്ടുകേൾവി മാത്രമായിരുന്ന പലതും കേരളത്തിൽ യാഥാർത്ഥ്യമാക്കിയത് ഈ സന്യാസവര്യനായിരുന്നു. ധ്യാനപ്രസംഗം കേരളത്തിൽ അവതരിപ്പിച്ചതു ചാവറയച്ചനാണെന്നു പറയാം. വൈദികപട്ടം കിട്ടി ഏതാനും ആഴ്ചകൾക്കുള്ളിൽ ഒരു വലിയ നോമ്പിന്റെ തുടക്കത്തിൽ പുളിങ്കുന്നിലെ ഒരു കുരിശുപള്ളിയിൽ ചാവറയച്ചൻ നടത്തിയതാണ് കേരളത്തിലെ അറിയപ്പെടുന്ന ആദ്യത്തെ ധ്യാനപ്രസംഗം. മാസങ്ങൾക്കുള്ളിൽ ചാവറയച്ചൻ മലയാളനാടിന്റെ നാനാഭാഗങ്ങളിൽ ധ്യാനപ്രസംഗങ്ങൾക്കു ക്ഷണിക്കപ്പെടുകയും അത് ഈ നാട്ടിൽ അഭൂതപൂർവമായൊരു ആധ്യാത്മിക ഉണർവു സൃഷ്ടിക്കുകയും ചെയ്തു.

ഇന്ത്യയിലെ ആദ്യത്തെ ഏതദ്ദേശീയ സന്യാസസഭയാണ് 1831 മേയിൽ ചാവറയച്ചന്റെ നേതൃത്വത്തിൽ ഔദ്യോഗികമായി രൂപംകൊണ്ട സി.എം.ഐ. സഭ. സാഹസികമായൊരു തുടക്കമായിരുന്നു അത്. പാലയ്ക്കൽ തോമാ മല്പാൻ, പോരൂക്കര തോമാ അച്ചൻ എന്നിവരാണ് സന്യാസസഭ എന്ന ആശയത്തിനു ജന്മം നല്കിയതെങ്കിലും ആദ്യം മുതൽ അവരോടൊപ്പം നിന്ന് അതിനുവേണ്ടി പ്രവർത്തിക്കുകയും അവരുടെ സ്വപ്നം യാഥാർത്ഥ്യമാക്കുകയും ചെയ്തത് ചാവറയച്ചനാണ്. ഒരു അമാനുഷന്റെ കാര്യശേഷിയാണ് അതിലൂടെ ചാവറയച്ചൻ പ്രകടിപ്പിച്ചത്.

വിദ്യാഭ്യാസത്തിൽ രാജ്യത്തെ നയിക്കുന്ന കേരളം ചാവറയച്ചനു നന്ദി പറയുക. പള്ളിക്കൂടങ്ങൾ കേരളത്തിൽ വിരളമായിരുന്ന കാലത്ത് സകല സുറിയാനി പള്ളികളോടും അനുബന്ധിച്ച് ഓരോ പള്ളിക്കൂടം വേണമെന്നു ശാഠ്യം പിടിച്ച സാമൂഹികപരിഷ്കർത്താവാണ് ആ യോഗിവര്യൻ.

അങ്ങേയറ്റം ശാന്തശീലനായിരുന്ന ചാവറയച്ചൻ ഇക്കാര്യം വന്നപ്പോൾ കർക്കശനായ ഒരു ഭരണാധികാരിയായി മാറി. പള്ളിക്കൂടം സ്ഥാപിക്കുന്നതിൽ അമാന്തം കാട്ടുന്ന പള്ളിവികാരിമാർക്കു കടുത്ത ശിക്ഷയാണ് വികാരി ജനറാളായിരിക്കേ അദ്ദേഹം പ്രഖ്യാപിച്ചത്. അന്ന് അദ്ദേഹം ആ കാർക്കശ്യം കാട്ടിയിരുന്നില്ലെങ്കിൽ ഇന്നു കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഏജൻസിയായി ക്രൈസ്തവസഭ മാറുമായിരുന്നോയെന്നു സംശയം.

മലയാളത്തിൽ അച്ചടി തീരെയില്ലാതിരുന്ന കാലത്ത് ഒരു പ്രസ് സ്ഥാപിക്കാൻ ഇറങ്ങിപ്പുറപ്പട്ട ചാവറയച്ചന്റെ പ്രയത്നങ്ങളെ അന്നു പലരും കണ്ടത് വൃഥാ ശ്രമമായിട്ടോ ഭ്രാന്തായിട്ടോ ഒക്കെയാണ്. അച്ചടിയുടെയും പുസ്തകത്തിന്റെയും പത്രത്തിന്റെയും പ്രാധാന്യം മിക്കവർക്കും സങ്കല്പിക്കാൻ പോലും കഴിയാതിരിക്കെ ചാവറയച്ചന്റെ ദൃഷ്ടി കാലത്തിലൂടെ വളരെ മുന്നോട്ടുപോയി.

ഏറെ സാഹസങ്ങൾക്കും തിരിച്ചടികൾക്കും ശേഷം അദ്ദേഹം മാന്നാനത്തു നിർമിച്ചു സ്ഥാപിച്ച പ്രസ് കേരളത്തിന്റെ സാംസ്കാരിക രംഗത്തെ

www.malankaralibrary.com


ഏറെ മുന്നിലേക്കു കൊണ്ടുപോയി. ആ പ്രസ് ഇല്ലായിരുന്നുവെങ്കിൽ *ദീപിക* ഇന്ന് മലയാള പത്രത്തറവാട്ടിലെ മുത്തശ്ശിയാകുമായിരുന്നോയെന്നു സംശയിക്കണം.

അനേകം സ്ഥലങ്ങളിലായുള്ള നിർമാണപ്രവർത്തനങ്ങളുടെയും ധ്യാനപ്രസംഗങ്ങളുടെയും സഭാഭരണത്തിന്റെയും വിദ്യാഭ്യാസപ്രവർത്തനങ്ങളുടെയും റോക്കോസ് ശീശ്മയ്ക്കെതിരേയുള്ള പോരാട്ടത്തിന്റെയും ഇടയിൽ ചാവറയച്ചൻ എഴുതിത്തീർത്ത ഗദ്യപദ്യകൃതികളുടെ വൈപുല്യം നമ്മെ വിസ്മയിപ്പിക്കും. വൈശിഷ്ട്യം നമ്മെ ഹർഷപുളകിതരാക്കും.

ഒരു തീവണ്ടിയന്ത്രത്തിന്റേതുപോലുള്ള കർമശേഷിയുടെയും പ്രവർത്തനനിരതയുടെയും നടുവിലും ചാവറയച്ചന്റെ ആത്മീയവിശുദ്ധി ഒളിമങ്ങാതെ നിന്നുവെന്നത് അദ്ഭുതമെന്നെ പറയാനാവൂ. *മറ്റുള്ളവർ നിന്നെ ഭയപ്പെടണമെന്നല്ല, സ്നേഹിക്കണം എന്നു നീ ആഗ്രഹിക്കുക* എന്നു പഠിപ്പിച്ച ചാവറയച്ചന് തന്നോടു സമ്പർക്കം പുലർത്തുന്ന സകലരുടെയും സ്നേഹം സമ്പാദിക്കുവാൻ കഴിഞ്ഞു.

അക്രൈസ്തവർക്കുപോലും പ്രഥമ ദർശനത്തിൽതന്നെ ആ വിശുദ്ധി വായിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നു. ഒരു കേസുമായി ബന്ധപ്പെട്ട് തഹസീൽദാരുടെ കച്ചേരിയിൽ പോകേണ്ടിവന്ന ചാവറയച്ചനെ കണ്ടപാടേ, *ഈ മനുഷ്യനെതിരെ ഒരാൾ കേസിനു പുറപ്പെട്ടിരിക്കുന്നുവോ* എന്ന് ഹിന്ദുമതാനുയായി ആയ തഹസീൽദാർ അത്ഭുതപ്പെട്ടതായി പറയപ്പെടുന്നു.

വിശുദ്ധി ആ മഹാവ്യക്തിത്വത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു. *വേണ്ടുന്ന ധൈര്യവും മിടുക്കും ബോധജ്ഞാനവും പുണ്യവ്യാപാരങ്ങളും താങ്കൾക്കുണ്ടെന്നു ബോധ്യമായിരിക്കുന്നു* എന്ന് ബെർണർദീനോസ് മെത്രാൻ കൊടുത്ത അംഗീകാരം ആ വ്യക്തിത്വത്തിന്റെ കുറെ അംശങ്ങളെക്കൂടി ചൂണ്ടിക്കാട്ടുന്നു.

*ഒരു വലിയ വെട്ടം കാണിച്ചിട്ട് ഉടൻ കെട്ടുപോകുന്ന വൈക്കോൽത്തുറുവിനേക്കാൾ സ്ഥിരമായി വെളിച്ചം കാണിക്കുന്ന വിളക്ക് നല്ലതാകുന്നു* എന്ന് ചാവറവചനം കാലത്തിന്റെ അരുളപ്പാടായി നാം മനസ്സിലേറ്റുക.

■

---

1. ഒരുപക്ഷേ ലെയോപോൾദ് മിഷണറി അന്നു ഇറ്റലിയിലേയ്ക്കു മടങ്ങാതിരിക്കുകയും നാമകരണനടപടികളുടെ പ്രാരംഭം തുടരുകയും ചെയ്തിരുന്നുവെങ്കിൽ, അതെ, എങ്കിൽ..., ഇത്തരം *എങ്കിലു*കളും അവയുടെ തുടർച്ചയിലെ പൂരണങ്ങളുമാണു ചരിത്രത്തിൽ ഒഴിവിടങ്ങൾ നികത്തുവാൻ (Fill in the blanks) സഹായിക്കുന്നതെന്നു കാലം സാക്ഷ്യപ്പെടുത്തുന്നു: *എഡിറ്റർ*

ലേഖകൻ ഇപ്പോൾ സി.എം.ഐ. സഭയുടെ പ്രയാർ ജനറാളാണ്. *ദീപിക*യുടെ പത്രാധിപരായിരുന്ന നാളുകളിൽ എഴുതിയതാണ് ഈ ലേഖനം.